പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 344 | 29/06/2016 ൽ മറുപടിക്ക്

**<u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. നൗഷാദ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻ കാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനാണ് മുൻഗണന നൽകുന്നത്.<br>നമ്മുടെ പരിസ്ഥിതിയ്ക്കനുയോജ്യവും കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ സാധ്യതയുള്ളതും വിപണന സാധ്യതയുള്ളതുമായ ഉൽപ്പാദനമേഖലകളിൽ പുതിയതായി പൊതുമേഖലാ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കുന്നതാണ്. |
| ബി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെകുറിച്ച് വിശദീകരിക്കാമോ; | ബി) & സി) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ 2015-16 ലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം 10 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2015-16 ലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെയും വിശദാംശങ്ങൾ വ്യക്തമാക്കാമോ; | |
| ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടത്തിനുത്തരവാദികളായവരെ കണ്ടെത്താൻ സംവിധാനം ഏർപ്പെടുത്തുമോ; | ഡി) കമ്പനികൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത് മാനേജ്മെന്റിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചകൊണ്ടാണോയെന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വകുപ്പു തലത്തിലുള്ള അന്വേഷണം, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ്, വിജിലൻസ് |

അന്വേഷണങ്ങൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

അനാരോഗ്യപരമായ ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്ത തും, മൂലധനത്തിൻെറ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്ന തിനുള്ള പ്രധാന കാരണം. സ്ഥാപനങ്ങളിൽ നവീകരണത്തിൻെറയും വിപുലീകരണ ത്തിൻെറ യും ഭാഗമായുള്ള പദ്ധതികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനായുള്ള ധനം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘ്നാതമാകാറുള്ളത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിൻെറ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള അധികധനം കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്.

| | |
|---|---|
| ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റിംഗ് തൊട്ടടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന് വേണ്ടി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഓഡിറ്റ് ചെയ്ത റിപ്പോർട്ടിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതായിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

**2015-16 കാലയളവിലെ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭ നഷ്ട കണക്കുകൾ**
(Provisional)

| ക്രമ നം | സ്ഥാപനങ്ങൾ | ലാഭം / നഷ്ടം (രൂപ ലക്ഷത്തിൽ) |
|---|---|---|
| | | 2015-16 |
| 1 | മലബാർ സിമൻറ്സ് ലിമിറ്റഡ് | 3,875.20 |
| 2 | കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | 3,455.24 |
| 3 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് | 2,115.54 |
| 4 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | 102.56 |
| 5 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് | 87.51 |
| 6 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | 68.37 |
| 7 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് | 55.50 |
| 8 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | 42.31 |
| 9 | കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് | 17.65 |
| 10 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് | 11.62 |
| 11 | കെൽപാം | -10.89 |
| 12 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | -5.74 |
| 13 | ടെക്സ്ഫെഡ് | -31.20 |
| 14 | കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് | -96.93 |
| 15 | ഹാൻറക്സ് | -113.99 |
| 16 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റ്ഡ് | -118.24 |
| 17 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | -218.87 |
| 18 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -250.66 |
| 19 | കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | -283.82 |
| 20 | ഹാൻറിക്രാഫ്റ്റ്സ് ഡവലപ്മെൻറ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് | -306.84 |
| 21 | കേരള സ്റ്റേറ്റ് ഡ്രഗ്ഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് | -334.28 |
| 22 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -434.50 |

PUBLIC SECTOR RESTRUCTURING & INTERNAL AUDIT BOARD
Thiruvananthapuram
GOVT. OF KERALA

| ക്രമ നം | സ്ഥാപനങ്ങൾ | ലാഭം / നഷ്ടം (രൂപ ലക്ഷത്തിൽ) 2015-16 |
|---|---|---|
| 23 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡ്ക്ട്സ് ലിമിറ്റഡ് | -447.45 |
| 24 | ദി കേരള സിറാമിക്സ് ലിമിറ്റഡ് | -456.05 |
| 25 | കേരള ക്ലേയിസ് ആൻറ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ് | -456.96 |
| 26 | ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -469.93 |
| 27 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | -471.11 |
| 28 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | -499.21 |
| 29 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | -533.73 |
| 30 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | -540.12 |
| 31 | ദി ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ് | -569.00 |
| 32 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | -587.00 |
| 33 | ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -613.96 |
| 34 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | -642.45 |
| 35 | ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -685.22 |
| 36 | കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് | -757.51 |
| 37 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -795.52 |
| 38 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ് | -867.55 |
| 39 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് | -990.00 |
| 40 | സെയിൽ എസ്.സി.എൽ കേരള ലിമിറ്റഡ് | -1,215.00 |
| 41 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | -2,949.70 |
| | **ആകെ** | **-6,921.93** |

KINFRA not included

സെക്രട്ടറി